**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 759** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ ആശ്രിതനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ ആശ്രിതനിയമനത്തിൽ നിയമാനുസൃതം ദത്തെടുത്ത് പിൻ തുടർച്ചാവകാശിയായിട്ടുള്ളവരെ പരിഗണിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ആലപ്പുഴയിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ ജോലി ചെയ്തിരുന്ന ജോസ് പ്രതാപ് കെ. വിക്ടർ മരണമടഞ്ഞതിനുശേഷം ടിയാന്റെ നിയമാനുസൃതം ദത്തെടുത്ത മകൾ അർച്ചനാ പ്രതാപിന് ആശ്രിത നിയമനം നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | ചട്ടം 188 എ(2) പ്രകാരം മകൻ, മകൾ എന്നതിൽ ദത്തുപുത്രനോ, ദത്തുപുത്രിയോ ഉൾപ്പെടാതിരുന്നതിനാലാണ് ശ്രീമതി അർച്ചനാ പ്രതാപിന്റെ ആശ്രിത്ര നിയമന വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നത്. എന്നാൽ The Juvenile Justice (Care and Protection of Children) Act 2015, ലെ ചട്ടം 63 സഹകരണ ചട്ടം 188 A (2) ലെ വ്യവസ്ഥക്ക് ഉപരിയായി നിലക്കൊള്ളുമെന്നതിനാൽ മകൻ, മകൾ എന്നതിൽ ദത്തുപുത്രനോ, ദത്തുപുത്രിയോ ഉൾപ്പെടുകയില്ലെന്ന സഹകരണ ചട്ടം 188 A (2) ലെ വ്യവസ്ഥയിന്മേൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് അനിതാ സാംസൺ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ചട്ടം 188 എ(2) പ്രകാരം മകൻ, മകൾ എന്നതിൽ ദത്തുപുത്രനോ, ദത്തുപുത്രിയോ ഉൾപ്പെടാതിരുന്നതിനാലാണ് ശ്രീമതി അർച്ചനാ പ്രതാപിന്റെ ആശിത്ര നിയമന വിഷയത്തിൽ തുടർ നടപടി സ്വീകരിക്കാതിരുന്നത്. എന്നാൽ The Juvenile Justice (Care and Protection of Children) Act 2015, ലെ ചട്ടം 63 സഹകരണ ചട്ടം 188 A (2) ലെ വ്യവസ്ഥക്ക് ഉപരിയായി നിലക്കൊള്ളുമെന്നതിനാൽ മകൻ, മകൾ എന്നതിൽ ദത്തുപുത്രനോ, ദത്തുപുത്രിയോ ഉൾപ്പെടുകയില്ലെന്ന സഹകരണ ചട്ടം 188 A (2) ലെ വ്യവസ്ഥയിന്മേൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ